(ഡി) പി. എസ്. സി. യുടെ ശുപാർശ കിട്ടിയാലുടനെ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുവഴി നിയമിച്ചവർക്കു പകരം പി.എസ്.സി. തിരഞ്ഞെടുത്ത ഉദ്യോഗാർത്ഥികളുടെ നിയമനം നടത്തുന്നതാണ്.

## തിരുവനന്തപുരം ജില്ലയിൽ സംഗീതാദ്ധ്യാപകരായി നിയമിക്കപ്പെടുന്നതിനുള്ള ഇൻറർവ്യൂ

431 [778] ശ്രീ. കാനം രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം റവന്യൂ ജില്ലയിൽ സംഗീതാദ്ധ്യാപകരായി നിയമിക്കപ്പെടുന്നതിനു 1984 ആഗസ്റ്റ് മാസത്തിൽ ഇൻറർവ്യൂ നടത്തുകയുണ്ടായോ;

(ബി) ഇവരിൽ നിന്നും നിയമനത്തിനു അർഹത നേടിയവരുടെ ലിസ്റ്റ് എന്ന് പ്രസിദ്ധീകരിച്ചു;

(സി) ഇവരിൽ എത്ര പേരെ ഇതുവരെ നിയമിച്ചു കഴിഞ്ഞു?

### ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിൽ സംഗീതാദ്ധ്യാപകരായി നിയമിക്കപ്പെടുന്നതിനു 1984 ആഗസ്റ്റിൽ ഒരു ഇൻറർവ്യൂ നടത്തുകയുണ്ടായിട്ടുണ്ട്.

(ബി) 15-9-1984-ൽ

(സി) ടി റാങ്ക് ലിസ്റ്റിൽ നിന്നും പി.എസ്.സി. ഇതുവരെ ആരെയും നിയമനത്തിനായി ശുപാർശ ചെയ്തിട്ടില്ല. ചില ഉദ്യോഗാർത്ഥികളുടെ വിദ്യാഭ്യാസ യോഗ്യതകളുടെ സ്വീകാര്യതയെക്കുറിച്ചു പി.എസ്.സി. ഗവൺമെൻറുമായി എഴുത്തുകുത്തുകൾ നടത്തിവരുന്നു. പി.എസ്.സി. യുടെ ശുപാർശ കിട്ടിയാലുടനെ ഒഴിവുകളുടെ ലഭ്യതയ്ക്കനുസരിച്ച് ടി റാങ്കുലിസ്റ്റിൽനിന്നും ഉദ്യോഗാർത്ഥികളുടെ നിയമനം നടത്തുന്നതാണ്.

## സംസ്കൃത വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും തൊഴിൽ രഹിതരായ സംസ്കൃത ബിരുദധാരികളുടെയും സംയുക്ത സമര സമിതിയുടെ നിവേദനം

432 [779] ശ്രീ. പി. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്കൃത വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടേയും തൊഴിൽ രഹിതരായ സംസ്കൃത ബിരുദധാരികളുടേയും സംയുക്ത സമരസമിതി ഗവൺമെൻറിന് ഒരു നിവേദനം സമർപ്പിച്ചിട്ടുണ്ടോ;

(ബി) നിവേദനത്തിലെ ആവശ്യങ്ങളെക്കുറിച്ച് ചർച്ച ചെയ്യാൻ ഒരു കോൺഫറൻസ് വിളിക്കാമെന്ന് ബഹുമാനപ്പെട്ട മന്ത്രി നിവേദക സംഘത്തിന് ഉറപ്പ് നൽകിയിരുന്നുവോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പെട്ടെന്നു തന്നെ ഒരു കോൺഫറൻസ് വിളിച്ചു ചർച്ച ചെയ്ത് അവരുടെ ന്യായമായ ആവശ്യങ്ങൾ അംഗീകരിച്ചു നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്കൃത വിദ്യാർത്ഥി–അദ്ധ്യാപക സംയുക്ത സമരസമിതിയുടെ നിവേദനം കിട്ടിയിട്ടുണ്ട്.

(ബി) ഇല്ല.

(സി) നിവേദനത്തിലെ ആവശ്യങ്ങൾ പരിശോധിച്ചു വരുന്നു.

## ഫുൾടൈം സീനിയർ ലാംഗ്വേജ് ടീച്ചർ തസ്തികകൾ

433 [780] ശ്രീ. പി. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1980–81, 1981–82, 1982–83, 1983–84 സ്കൂൾ വർഷങ്ങളിൽ കണ്ണൂർ ജില്ലയിലുണ്ടായ ഫുൾടൈം സീനിയർ ലാംഗ്വേജ് ടീച്ചർ (സംസ്കൃതം) തസ്തികകൾ എത്തൊക്കെ;

(ബി) ഈ തസ്തികകളിൽ പ്രമോട്ട് ചെയ്തതും പി.എസ്.സി. മുഖേനയും നിയമിച്ചതാരെയെല്ലാം;

(സി) ഓരോരുത്തരുടെയും നിയമന തീയതികളേതൊക്കെ;

(ഡി) നിയമാനുസൃതം പ്രമോഷൻ ലഭിക്കേണ്ടിയിരുന്ന ആരെയെങ്കിലും ഈ കാലയളവിൽ യഥാസമയം പ്രമോട്ട് ചെയ്ത് നിയമിക്കാതിരുന്നിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ നിയമാനുസൃത പ്രമോഷൻ ലഭിക്കേണ്ടിയിരുന്ന തീയതി മുതലുള്ള സർവ്വീസും മറ്റാനുകൂല്യങ്ങളും ആ അദ്ധ്യാപകന് നൽകുമോ?

ഉത്തരം

| | | |
|---|---|---|
| (എ) | 1980–81 | 2 |
| | 1981–82 | 2 |
| | 1982–83 | 3 |
| | 1983–84 | 4 |
| (ബി) | 1980–81 | |
| പി.എസ്.സി. മുഖേന | | 2 |
| പ്രമോഷൻ | | ഇല്ല |
| | 1981–82 | |
| പി.എസ്.സി. മുഖേന | | 1 |
| പ്രമോഷൻ | | ഇല്ല |

LIBRARY ARCHIVES Kerala Legislative Assembly